പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 11-03-2020 ൽ

നിയമസഭാ ചോദ്യം നമ്പർ 2103 മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് സംവിധാനം

ചോദ്യം

ശ്രീ.കെ.എസ്.ശബരീനാഥൻ

മറുപടി

ശ്രീ.ഇ.പി.ജയരാജൻ

(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് സംവിധാനം ശാസ്ത്രീയമാക്കുന്നതിനും മേന്മ വർദ്ധിപ്പിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവരെ ഡയറക്ടർ ബോർഡുകളിൽ ഉൾപ്പെടുത്തുന്നതിനും സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിശദമായ അവലോകനം നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരെ സുതാര്യമായ നടപടികളിലൂടെ തെരെഞ്ഞെടുക്കുന്നതിനായി പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് വകുപ്പിൽ കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് രൂപീകരിച്ച് നിയമനങ്ങൾ നടത്തിവരുന്നുണ്ട്.<br>മാനേജിംഗ് ഡയറക്ടർമാരുടെയും ജീവനക്കാരുടെയും കഴിവുകൾ വികസിപ്പിക്കുന്നതിനും കൂടുതൽ പ്രാപ്തരാക്കുന്നതിനും വേണ്ടി പരിശീലന പരിപാടികളും നടത്തി വരുന്നു. സർക്കാർ തലത്തിലും റിയാബ് മുഖേനയും സെക്ടർ തിരിച്ചുള്ള പ്രത്യേക അവലോകന യോഗങ്ങൾ നടത്തി വരുന്നുണ്ട്. |
| ബി) | ഇതുമൂലം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉണ്ടായിട്ടുള്ള ഗുണപരമായ മാറ്റങ്ങൾ എന്തൊക്കെയാണ്; | ബി) | 2015-16 കാലയളവിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ വിറ്റുവരവ് 2799.72 കോടി രൂപയും, ആകെ നഷ്ടം 121.18 കോടി രൂപയുമായിരുന്നു. 2018-19-ലെ വാർഷിക കണക്കുകയൾ പ്രകാരം സ്ഥാപനങ്ങളുടെ ആകെ വിറ്റുവരവ് 3442.74 കോടി രൂപയും, ആകെ പ്രവർത്തന ലാഭം 156 കോടി രൂപയായി ഉയർത്തുവാനും സാധിച്ചിട്ടുണ്ട്. |
| സി) | 2018-19-ൽ ലാഭത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ പതിമൂന്നിൽ നിന്നും പന്ത്രണ്ടായി കുറയുകയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ | സി) | 2017-18-ൽ 13 സ്ഥാപനങ്ങൾ ആയിരുന്നു അറ്റ ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്. ഈ 13 സ്ഥാപനങ്ങളിൽ കേരള മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെംഡെൽ) 2018-19 ൽ അറ്റ നഷ്ടത്തിലാണ് പ്രവർത്തിച്ചത്. അതിനാലാണ് 2018-19 ൽ അറ്റ ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 12 |

| | | | |
|---|---|---|---|
| | ഇരുപത്തിയെട്ടിൽ നിന്നും മുപ്പതായി ഉയരുകയും ചെയ്തത് ഏത് സാഹചര്യത്തിലാണെന്ന് വെളിപ്പെടുത്താമോ; | | ആകാനുള്ള കാരണം. കെംഡെൽ വിഭാവനം ചെയ്ത രീതിയിൽ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതാണ് കമ്പനി നഷ്ടത്തിലാകാനുള്ള കാരണം.<br>2018-19 മുതൽ കെ.കരുണാകരൻ മെമ്മോറിയൽ സ്പിന്നിംഗ് മില്ലിനെ കൂടി പുതിയതായി പ്രവർത്തന അവലോകനത്തിനായി കണക്കിലെടുത്തിരുന്നു. ഈ സ്ഥാപനവും കേരള മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡും 2018-19 ൽ നഷ്ടത്തിൽ പ്രവർത്തിച്ചതിനാലാണ് 2017-18 ൽ നഷ്ടത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ എണ്ണം 28 ൽ നിന്നും 2018-19 ൽ 30 ആയത്. എന്നാൽ 2018-19 സാമ്പത്തിക വർഷം 16 സ്ഥാപനങ്ങൾ പ്രവർത്തന ലാഭം കൈവരിച്ചിട്ടുണ്ട്. |
| ഡി) | കെമിക്കലും ഇലക്ട്രോണിക്സും ഒഴികെയുള്ള മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ കനത്ത നഷ്ടം നേരിടുന്ന സാഹചര്യത്തിൽ അതിന്റെ ഉല്പാദനക്ഷമതയും വിറ്റുവരവും മെച്ചപ്പെടുത്തുന്നതിന് നയപരമായ എന്ത് തീരുമാനമാണ് എടുക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | ഡി) | നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യയിലും കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കി, വിപണിയിൽ നിന്നും നേരിടുന്ന മത്സരങ്ങളെ അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളെ സജ്ജമാക്കുന്ന നയ സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഉല്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നിവയ്ക്കായി വിവിധ നവീകരണ വിപുലീകരണ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ